Talented Bankers Literary Panel
പുസ്തക പരിചയം 148

പുസ്തകം പരിചയപ്പെടുത്തുന്നത്,
കെ ജി ഉണ്ണികൃഷ്ണൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
കുമ്പള ശാഖ.

എന്റെ പ്രദക്ഷിണ വഴികൾ,
(ഓർമ്മകൾ)
എസ് . ജയചന്ദ്രൻ നായർ

ഓരോ മനുഷ്യനും ഒരോ ചരിത്രമാണ് . എന്നിരുന്നാലും പാശ്ചാത്യരുടെ ഒരു ആപ്തവാക്യത്തിൽ പറയുന്നതു പോലെ
" Where there is no records, There is no History"

നാം കണ്ടുമുട്ടുന്ന, അല്ലെങ്കിൽ നമ്മളെ സ്വാധീനിച്ച ചിലരെക്കുറിച്ച് എഴുതി സൂക്ഷിച്ചാൽ ആ "സ്മൃതി പുസ്തകം" വരുംതലമുറയ്ക്ക് ഉപകാരവും വഴികാട്ടിയും ആവുകയില്ലേ?

അത്തരമൊരു ഉദ്യമത്തിന്റെ സാക്ഷാത്കാരമാണ് ശ്രീ എസ് . ജയചന്ദ്രൻ നായരുടെ "എന്റെ പ്രദക്ഷിണ വഴികൾ" എന്ന പുസ്തകം.

1957-ൽ "കൗമുദി" യുടെ പത്രപ്രവർത്തനത്തിലേക്ക് കടന്നുവന്ന ലേഖകൻ താൻ കണ്ടുമുട്ടിയ സമൂഹത്തിന്റെ നാനാതുറകളിൽ നിന്നുമുള്ള പ്രശസ്തരും അപ്രശസ്തരുമായ ചിലരുടെ ഓർമ്മകളാണ് ഈ പുസ്തകത്തിലൂടെ വായനക്കാരോട് പങ്കുവയ്ക്കുന്നത് .

കാച്ചിക്കുറുക്കിയ , കാവ്യഭംഗിയേറുന്ന വാക്കുകളിലൂടെ ഓരോ വ്യക്തികളെയും കുറിച്ച് വിവരിക്കുമ്പോൾ നാമറിയാതെ അവരിലേക്ക് എത്തിച്ചേരുന്നു . ഒരു പത്രപ്രവർത്തകന്റെ വാചാലത പാടെ ഉപേക്ഷിച്ച്, ചുരുങ്ങിയ വാക്കുകളിലൂടെ ഓരോ വ്യക്തികളെയും വിവരിക്കാൻ ശ്രമിക്കുന്നു . മിക്കവരെയും കുറിച്ചുള്ള ലേഖനങ്ങൾ രണ്ടുമൂന്നു പേജുകളിൽ ഒതുങ്ങുമ്പോൾ, പ്രൊഫസർ എം കൃഷ്ണൻ നായരെ വിവരിക്കാൻ ഏതാണ്ട് പത്ത് പേജുകൾ എടുത്ത് ലേഖകൻ വാചാലനാകുന്നതും കാണാം . എന്നിരുന്നാലും 101 പേരുടെ കഥകൾ അവരുടെ ചിത്രങ്ങളോടുകൂടി അവതരിപ്പിക്കാൻ 370 പേജുകൾ മാത്രമേ ലേഖകൻ ഉപയോഗിച്ചിട്ടുള്ളൂ .

ഏറ്റവുമധികം അറിയുന്ന ഒരു സുഹൃത്തിനെപോലെയാണ് ഓരോരുത്തരെയും അവതരിപ്പിച്ചിരിക്കുന്നത്. അതിനാൽ അവരുടെ വ്യക്തി ജീവിതത്തിലെ പ്രധാന സവിശേഷതകളാണ് പ്രധാനമായും

നമ്മൾക്ക് പറഞ്ഞുതരുന്നത് .

ചില ഉദാഹരണങ്ങൾ :

OV Vijayan- ഒരു ഈച്ചയെ പോലും നോവിക്കാത്ത ബോധിസത്വൻ.പക്ഷേ അദ്ദേഹത്തിന് സദാ പേടിയായിരുന്നു ആരെയൊക്കെയോ.....

എന്നും ആൾക്കൂട്ടത്തേയും അധികാരത്തെയും വിജയന് പേടിയായിരുന്നു .

P.Bhaskaran - നടന്നുവന്ന വഴികളിൽ ചിതറിക്കിടക്കുന്ന ഓർമപൊട്ടുകളിൽ അദ്ദേഹം കവിതയുടെ സുഗന്ധം നിറച്ചു.

Vayalar Ramavarma-ആൾക്കൂട്ടത്തിനിടയിൽ തെളിഞ്ഞു കത്തിയിരുന്ന ദീപനാളം പോലെ സ്നേഹിതന്മാർക്ക് കുട്ടൻ ആയിരുന്നു വയലാർ. എല്ലാം മറന്ന ഒരു ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. ഹൃദയഹാരിയായ കവിതപോലെ അങ്ങനെ കുറെ കാലം ജീവിച്ച അദ്ദേഹം മടങ്ങിപ്പോകുമ്പോൾ അവശേഷിപ്പിച്ചത് കറകളഞ്ഞ വ്യസനം ആയിരുന്നു

MT Vasudevan Nair- പ്രഭ വിതറുന്ന പ്രതിഭയുടെ സഹസ്ര പത്മാകാരം ആരെയാണ് മോഹിപ്പിക്കാത്തത്

Prof.M Krishnan Nair- ആത്മാവിന്റെ ഊഷ്മാവ് തട്ടി, തന്നെ താനാക്കിയ നിധി കുംഭങ്ങൾ ആയിരുന്നു പുസ്തകങ്ങൾ അദ്ദേഹത്തിന് .അവയിൽ നിന്നും കൈനിറയെ കോരിക്കുടിച്ചാണ് രാവുകളെ അദ്ദേഹം പകലുകളാക്കിയിരുന്നത്.

നാമറിയുന്ന എം കൃഷ്ണൻ നായർ ഏറ്റവും പുതിയ വിദേശ പുസ്തകങ്ങൾ വിലകൊടുത്ത് വാങ്ങി സാഹിത്യവാരഫലം എഴുതിയിരുന്നആൾ മാത്രമായിരുന്നു. എങ്കിലും അദ്ദേഹം തന്റെ ജീവിതാവസാനം പാർക്കിൻസൺ രോഗത്തിന് വിധേയനായി സാമ്പത്തികമായി വളരെ തകർന്നു പോയെന്നും, അവസാനം ശാസ്തമംഗലത്തെ വെള്ളക്കെട്ടുള്ള മൂന്ന് നാല് സെൻറ് സ്ഥലത്ത് ചെലവ് കുറഞ്ഞ ബേക്കർ രീതിയിൽ രീതിയിൽ നിർമ്മിച്ച വീട്ടിലാണ് കഴിച്ചുകൂട്ടിയത് എന്നും ഇതിൽ വിവരിക്കുന്നുണ്ട്.

Madhavikutty- മലയാളികൾ അവരെ സ്വന്തം ഗൃഹാങ്കണത്തിൽ കുടിയിരുത്തി, മനസ്സുകൊണ്ട് ആരാധിച്ചു. മാധവിക്കുട്ടിക്ക് അത് അറിയാമായിരുന്നു എങ്കിലും കളിപ്പാട്ടം കളഞ്ഞുപോയ ഒരു കുട്ടിയെ പോലെ അവർ ശാഠ്യം പിടിച്ചിരുന്നു. അത് അവരുടെ നിഷ്കപടത കൊണ്ടായിരുന്നു. പലപ്പോഴും ഈ മനോനില മലയാളികൾ

മനസ്സിലാക്കിയില്ല

ദാസേട്ടൻ്റെ വിയോഗത്തിൽ മാധവിക്കുട്ടിക്ക് ഉണ്ടായ ഏകാന്തതയെ "പോക്കുവെയിൽ മാഞ്ഞ സന്ധ്യയുടെ തണുത്ത രാശി സാവധാനം പടരുന്നത് പോലെയായിരുന്നു അത്" എന്നാണ് ലേഖകൻ ഈ പുസ്തകത്തിൽ വിവരിച്ചിരിക്കുന്നത്

ഇങ്ങനെ 101 പേരെയും കുറിച്ചുള്ള കഥകൾ വായിച്ചു പോകുമ്പോൾ ,വി.ടി ഭട്ടതിരിപ്പാടിന്റെ ഭാഷ പോലെ ഗദ്യ ഭാഷയിൽ കാവ്യഭംഗി ചാർത്തിയ മലയാളത്തെ അടുത്തറിയാൻ നമുക്ക് പറ്റുന്നു

തിരുവിതാംകൂർകാർക്ക് ഇത് ഒരു ചരിത്രപുസ്തകം ആക്കാം. രാഷ്ട്രീയം സാഹിത്യം സിനിമ എന്നീ മേഖലകളിൽ താൽപര്യമുള്ളവർക്ക് അവരുടെ മുൻഗാമികളെ കുറിച്ചുള്ള അറിവിന്റെ പുസ്തകം ആക്കാം. എന്നിരുന്നാലും ലോക മലയാളികൾക്ക് ഇത് കാവ്യഭംഗി ഏറുന്ന ഒരു ആത്മകഥയാണ്

ഈ പുസ്തകത്തിന് ആത്മകഥാ വിഭാഗത്തിൽ മികച്ച കൃതിക്കുള്ള കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്

പ്രസാധകർ: SIGN books
വില : Rs.275/-